(സി) ഇത് സംബന്ധിച്ച് ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാന വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിൽ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ ഹവാല പണമിടപാടുകൾ നടന്നിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണവും ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീമിന്റെ അന്വേഷണവും വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിന്റേയും അന്വേഷണവും നടന്നിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് ഡി. ജി. പി.-യുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ എ. ഡി. ജി. പി. (ഇന്റലിജൻസ്)-യുടെ നേതൃത്വത്തിൽ ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) മഞ്ചേരി അർബൻ സഹകരണ ബാങ്കിൽ 2000 നവംബർ മുതൽ 2002 ജൂൺ വരെ 62 കോടി 36 ലക്ഷം രൂപയുടെ അനധികൃത പണമിടപാടുകൾ സംബന്ധിച്ച ഒരു വിജിലൻസ് അന്വേഷണം വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിൽ അന്വേഷണം നടത്തുകയുണ്ടായി.

(ഇ) ഇത് സംബന്ധിച്ച് വി. സി. 10/2003 എസ്. ഐ. യു. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയായി. പ്രതികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ക്രൈം ബ്രാഞ്ച് യൂണിറ്റിൽ ക്രൈം 313/സി.ആർ/പി.കെ.ഡി/03 നമ്പരായി 5/12/03-ൽ രജിസ്റ്റർ ചെയ്തിരുന്ന കേസും തുടരന്വേഷണത്തിനായി തിരുവനന്തപുരം വി.എ.സി.ബി.-യ്ക്ക് കൈമാറിയിട്ടുണ്ട്.

ആദിവാസി ക്ഷേമത്തിനായുള്ള കേന്ദ്രസഹായ പദ്ധതികൾ

18 [*129] ശ്രീ. കെ. രാധാകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഏതെല്ലാം പദ്ധതികളാണുള്ളത്; ഇവയിൽ കേരളത്തിൽ ഇനിയും നടപ്പിലാക്കാത്തവ ഏവ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻ വർഷങ്ങളിൽ കേന്ദ്രം അനുവദിച്ച തുക വിനിയോഗിച്ചത് സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ എന്തെങ്കിലും നൽകാതിരിക്കുന്നതിന്റെ പേരിൽ കേന്ദ്ര സർക്കാർ സഹായം നിഷേധിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ആദിവാസി ക്ഷേമ പദ്ധതികൾക്കുള്ള കേന്ദ്ര ഫണ്ട് വല്ലതും ലാപ്സായി പോയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) ആദിവാസികളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ രണ്ട് തരത്തിലാണ് (1) കേന്ദ്ര പദ്ധതികൾ (100 ശതമാനം കേന്ദ്ര സഹായം) (2) കേന്ദ്രാവിഷ്കൃത പദ്ധതികൾ (50 ശതമാനം കേന്ദ്ര സഹായം) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെട്ട പ്രധാന പരിപാടികൾ ഇവയാണ്:

കേന്ദ്ര പദ്ധതികൾ

(1) പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി.

(2) ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ (മോഡൽ റസിഡൻഷ്യൽ/ഏകലവ്യ സ്കൂളുകൾ)

(3) പട്ടികവർഗ്ഗക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം.

(4) കോച്ചിംഗ് ആന്റ് അലൈഡ് പരിപാടി

(5) വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ

(6) സാക്ഷരത കുറവായ പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സാക്ഷരതാ കേന്ദ്രങ്ങൾ

(7) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന് ഗ്രാന്റ് ഇൻ എയ്ഡ്

(8) ധാന്യ ബാങ്കുകൾ

(9) പ്രാക്തന ഗോത്ര വർഗ്ഗക്കാർക്ക് പ്രത്യേക വികസന പരിപാടി

(10) പട്ടികവർഗ്ഗക്കാർക്ക് മറ്റു സംസ്ഥാനങ്ങൾ സന്ദർശിക്കുന്നതിനുള്ള പരിപാടി

(11) പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ്

കേന്ദ്രാവിഷ്കൃത പദ്ധതികൾ

(1) പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ആശ്രമം സ്കൂളുകൾ

(2) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉള്ള പ്രീമെട്രിക് ഹോസ്റ്റലുകൾ

(3) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ

(4) പട്ടികവർഗ്ഗ വികസനത്തെ സംബന്ധിച്ചുള്ള റിസർച്ചിനുള്ള ഫെലോഷിപ്പ്

(5) ബുക്ക് ബാങ്ക് സ്കീം

ഇവയിൽ കോച്ചിംഗ് ആന്റ് അലൈയിഡ് സ്കീം, ധാന്യ ബാങ്കുകൾ, സാക്ഷരത കുറവുള്ള പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സാക്ഷരതാ കേന്ദ്രങ്ങൾ, ബുക്ക് ബാങ്ക് സ്കീം എന്നീ പദ്ധതികൾ സംസ്ഥാനത്ത് കേന്ദ്ര സർക്കാർ നടപ്പിലാക്കാത്തവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് അതതു വർഷം ബഡ്ജറ്റ് ചെയ്യുകയും ചെലവഴിക്കുന്നതിൽ ശേഷിക്കുന്ന തുക തുടർന്നുള്ള വർഷങ്ങളിൽ ബഡ്ജറ്റ് ചെയ്ത് ചെലവഴിക്കുകയും ചെയ്യുന്ന രീതി തുടർന്ന് വരുന്നതിനാൽ കേന്ദ്ര പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ട് ലാപ്സാകുന്നില്ല.

എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ചയുടെ അന്വേഷണം

19 [*130] ശ്രീ. ടി. കെ. ദേവകുമാർ:

,, മത്തായി ചാക്കോ:

,, എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ തവണത്തെ എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ച യുടെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച് കേസിലെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ കേസിൽ ഏതെല്ലാം തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്;

(ഡി) ഡിപ്പാർട്ടുമെന്റ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) ഡിപ്പാർട്ടുമെന്റ് തലത്തിൽ നടത്തിയ അന്വേഷണങ്ങളിൽ കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കിയോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) കഴിഞ്ഞ വർഷത്തെ എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ചയെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത (ക്രൈം. നം.126/സി.ആർ/എ,ഡബ്ല്യൂ/05) കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 6-10-2005 തീയതിയിലെ ഡബ്ല്യൂ.പി.(സി)13135/05-ാം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ 29-10-2005-ൽ പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 16-11-2005-ൽ സി. ബി. ഐ.- ക്ക് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത കേസ് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരവേ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം സി. ബി. ഐ.-ക്ക് കൈമാറിയിട്ടു ള്ളതും ആയത് സി.ബി. ഐ.-യുടെ അന്വേഷണത്തിലിരിക്കുന്നതുമാണ്.

(സി) ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തിൽ ചോദ്യപേപ്പർ ചോർത്തിയ കുറ്റത്തിന് ബിന്ദു (1-ാം പ്രതി), സിന്ധു (2-ാം പ്രതി), സുരേഷ് കുമാർ (5-ാം പ്രതി), സുരേഷ് (6-ാം പ്രതി) എന്നിവരെയും വ്യാജരേഖകളും വിവരങ്ങളും നൽകി

LIBRARY ARCHIVES Kerala Legislative Assembly